# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2415** **08.03.2017-ൽ മറുപടിയ്ക്ക്**

## നോട്ട് അസാധുവാക്കൽ

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നോട്ട് അസാധുവാക്കൽ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനത്തെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിഗമനങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കേന്ദ്ര സർക്കാർ 08-11-2016 മുതൽ 500/-, 1000/- രൂപ നോട്ടുകൾ അസാധുവാക്കൽ പ്രഖ്യാപിച്ചതിനെ തുടർന്ന് ലോട്ടറി വ്യാപാരമേഖല പ്രതിസന്ധിയിലാവുകയും ഭാഗ്യക്കുറി ഏജന്റുമാർക്ക് ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റുകൾ വാങ്ങാനോ മുൻകൂട്ടി വാങ്ങിയ ടിക്കറ്റുകൾ വിൽക്കുന്നതിനോ സാധിക്കാത്ത സാഹചര്യമുണ്ടായി. ഇതിനെ തുടർന്ന് 2016 നവംബർ മാസത്തിൽ 10 നറുക്കെടുപ്പുകൾ നീട്ടിവയ്ക്കുകയും, 8 നറുക്കെടുപ്പുകൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ നിർമ്മൽ ഭാഗ്യക്കുറിയുടെ 16-12-16, 06-01-17, 20-01-17 തീയതികളിൽ യഥാക്രമം നറുക്കെടുപ്പ് നടത്തേണ്ടിയിരുന്ന NR6, NR7, NR8 എന്നീ നറുക്കെടുപ്പുകളും റദ്ദ് ചെയ്തിട്ടുണ്ട്. നോട്ട് അസാധുവാക്കലിന് മുൻപ് 30/- രൂപ മുഖവിലയുള്ള അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 87.5 ലക്ഷം ടിക്കറ്റുകൾ വീതവും പൗർണ്ണമി, വിൻവിൻ എന്നിവ 86.5 ലക്ഷം ടിക്കറ്റുകൾ വീതവും 50/- രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി എന്നീ ഭാഗ്യക്കുറികൾ 40 ലക്ഷം ടിക്കറ്റുകൾ വീതവുമാണ് അച്ചടിച്ചിരുന്നത്. നോട്ട് അസാധുവാക്കലിനെ തുടർന്ന് ടിക്കറ്റുകൾ വിൽക്കപ്പെടാതെ അവശേഷിച്ച സാഹചര്യത്തിൽ 30/- രൂപ ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി 60 ലക്ഷമായും, 50/- രൂപ ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി 30 ലക്ഷമായും |

<table>
<tr><td></td><td></td><td></td><td>കുറച്ചിരുന്നു. നിലവിൽ ഡിമാന്റനുസരിച്ച് പ്രതിവാര ഭാഗ്യക്കുറികളുടെ അച്ചടി വർദ്ധിപ്പിക്കുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>2016 മാർച്ച് 31 ന് ശേഷം ഓരോ മാസവും ലോട്ടറിയിൽ നിന്നും ലഭിച്ച വരുമാനത്തിന്റെ വിശദ വിവരങ്ങളും ഈ കാലയളവിൽ ഓരോ മാസവും ലഭിച്ച ലാഭം എത്രയെന്നും വെളിപ്പെടുത്തുമോ;</td><td>(ബി)</td><td>2016 മാർച്ച് 31-ന് ശേഷം 2017 ഫെബ്രുവരി വരെ ഓരോ മാസവും ലോട്ടറിയിൽ നിന്നും ലഭിച്ച വരുമാനം, ഓരോ മാസവും ലഭിച്ച ഏകദേശ ലാഭം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>മാസം</th><th>ലോട്ടറിയിൽ നിന്നും ലഭിച്ച വരുമാനം (കോടി രൂപയിൽ)</th><th>ഏകദേശ ലാഭം (കോടി രൂപയിൽ)</th></tr>
<tr><td>1</td><td>ഏപ്രിൽ 2016</td><td>646.07</td><td>162.31</td></tr>
<tr><td>2</td><td>മെയ് 2016</td><td>607.74</td><td>183.46</td></tr>
<tr><td>3</td><td>ജൂൺ 2016</td><td>591.63</td><td>113.84</td></tr>
<tr><td>4</td><td>ജൂലൈ 2016</td><td>663.31</td><td>139.76</td></tr>
<tr><td>5</td><td>ആഗസ്റ്റ് 2016</td><td>735.62</td><td>156.62</td></tr>
<tr><td>6</td><td>സെപ്റ്റംബർ 2016</td><td>732.03</td><td>209.88</td></tr>
<tr><td>7</td><td>ഒക്ടോബർ 2016</td><td>735.33</td><td>168.34</td></tr>
<tr><td>8</td><td>നവംബർ 2016</td><td>372.70</td><td>41.90</td></tr>
<tr><td>9</td><td>ഡിസംബർ 2016</td><td>521.46</td><td>106.83</td></tr>
<tr><td>10</td><td>ജനുവരി 2017</td><td>564.74</td><td>126.06</td></tr>
<tr><td>11</td><td>ഫെബ്രുവരി 2017</td><td>568.94</td><td>ലാഭം കണക്കാക്കിയിട്ടില്ല</td></tr>
</table>
</td></tr>
<tr><td>(സി)</td><td>മേൽ പറഞ്ഞ കാലയളവിൽ കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് എത്ര രൂപ കൈമാറിയെന്ന് വെളിപ്പെടുത്തുമോ?</td><td>(സി)</td><td>2016 മാർച്ച് 31-ന് ശേഷം 250 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.</td></tr>
</table>

Jeyant

സെക്ഷൻ ഓഫീസർ.